**<u>തൃക്കുന്നപ്പുഴ സൂപ്പർ  മാർക്കറ്റ് ഉദ്ഘാടനം</u>**
**<u>ശനിയാഴ്ച  മന്ത്രി പി. തിലോത്തമൻ</u>**
**<u>നിർവ്വഹിക്കും.</u>**

തൃക്കുന്നപ്പുഴയിലെ സപ്ലൈകോ മാവേലി സ്റ്റോർ കൂടുതൽ സൗകര്യത്തോടെ സൂപ്പർ മാർക്കറ്റാക്കുന്നതിൻറെ ഉദ്ഘാടനം ശനിയാഴ്ച ( ജനുവരി 16) വൈകിട്ട് നാലിന് ഭക്ഷ്യ സിവിൽ സർവ്വീസ് മന്ത്രി പി. തിലോത്തമൻ വീഡിയോ കോൺഫറൻസ് വഴി നിർവ്വഹിക്കും. പ്രതിപക്ഷ നേതാവി രമേശ് ചെന്നിത്തല അധ്യക്ഷത വഹിക്കുകയും ആദ്യ വില്പന നടത്തുകയും ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പങ്കെടുക്കും. സപ്ലൈകോ സി എം ഡി അലി അസ്ഗർ പാഷ സ്വാഗതവും മേഖലാ മനേജർ എൽ. മിനി നന്ദിയും പറയും. പാലക്കാട് ആലത്തൂർ കടമ്പിടി മാവേലി സൂപ്പർ സ്റ്റോർ, പിരായിരി മാവേലി സൂപ്പർ സ്റ്റോർ, പട്ടഞ്ചേരി മാവേലിസൂപ്പർ സ്റ്റോർ, മലപ്പുറം – തവനൂർ സൂപ്പർ മാർക്കറ്റ്, തൃശ്ശൂർ - കാരളം മാവേലി സൂപ്പർ സ്റ്റോർ എന്നിവയുടെ അദ്ഘാടനവും ഇതിനോടനുബന്ധിച്ച് നടക്കും. കോവിഡ് മാനദണ്ഡ പ്രകാരമാണ് ചടങ്ങ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**